പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2183      08/03/2018 ൽ മറുപടിക്ക്

# പത്മതീർത്ഥക്കുളത്തിന്റെ ശുചീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പത്മനാഭ സ്വാമി ക്ഷേത്രത്തിലെ പത്മതീർത്ഥക്കുളത്തിന്റെ ശുചീകരണം ഏത് ഘട്ടത്തിലാണ്; ഇതിനായി കേന്ദ്രസർക്കാർ അമൃത് പദ്ധതി വഴി എന്ത് തുക അനുവദിച്ചു; | (എ) | പത്മതീർത്ഥക്കുളത്തിലേക്ക് പുറത്ത് നിന്നും വരുന്ന മാലിന്യ സ്രോതസ്സുകൾ അടക്കുന്നതിനും കുളത്തിന്റെ കൽപ്പടവുകൾ ഇളക്കി അവയ്ക്കടിയിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ജലശുദ്ധീകരണത്തിനുമുള്ള പ്രവർത്തികൾ ഇപ്പോൾ നടന്നു വരുന്നു. അമൃത് പദ്ധതി പ്രകാരം തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (ബി) | ക്ഷേത്ര ഭരണസമിതിയും, സുപ്രീകോടതി നിശ്ചയിച്ച കമ്മിറ്റിയും തമ്മിൽ ഉണ്ടായ തർക്കം മൂലം ശുചീകരണ പ്രവർത്തനങ്ങൾ മുടങ്ങിയിട്ടുണ്ടോ; | (ബി) | ക്ഷേത്ര ഭരണസമിതിയും സുപ്രീകോടതി നിശ്ചയിച്ച കമ്മിറ്റിയും തമ്മിൽ തർക്കങ്ങൾ നിലവിലില്ല. |
| (സി) | നിലവിൽ ശുചീകരണ ചുമതല ആർക്കാണ്; പ്രസ്തുത സ്ഥാപനത്തെ മാറ്റി ഊരാളുങ്കൽ സൊസൈറ്റിയെ ഈ പ്രവൃത്തി ഏൽപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | പത്മതീർത്ഥക്കുളത്തിന്റെ ശുചീകരണ ചുമതല നിലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനാണ്. ഊരാളുങ്കൽ സൊസൈറ്റിയെ ഈ പ്രവൃത്തി ഏൽപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ